കേരള സർക്കാർ
സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - മയ്യിൽ ഗ്രാമപഞ്ചായത്ത് - 2006-07 - വർഷ ലോക്കൽ ഫണ്ട് ആഡിറ്റ് റിപ്പോർട്ട് - ഖണ്ഡിക 3.3 - സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയംഭരണ (എബി) വകുപ്പ്

ജി.ഒ (ആർ.ടി) നം.755/13/തസ്വഭവ. തിരുവനന്തപുരം,തീയതി: 23/03/2013

---

പരാമർശം:- 1) 24/09/2012-ലെ പഞ്ചായത്ത് ഡയറക്ടറുടെ M3-26558/12 നമ്പർ കത്ത്.
2) 15/01/2013-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ എൽ.എഫ്/പിറ്റി3/23194/12 നമ്പർ കത്ത്.

## ഉത്തരവ്

കണ്ണൂർ ജില്ലയിലെ മയ്യിൽ ഗ്രാമപഞ്ചായത്തിന്റെ 2006-07 വർഷ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.3 പ്രകാരം 14 സോഡിയം വേപ്പർ ലാമ്പുകൾ അറ്റകുറ്റപ്പണി നടത്തുന്നതിന് 1400/- രൂപ സർക്കാർ ഉത്തരവിന് വിരുദ്ധമായി ചെലവഴിച്ചത് ഓഡിറ്റ് നിരാകരിച്ചിരുന്നു.

മയ്യിൽ ഗ്രാമപഞ്ചായത്തിൽ കേടു വന്ന സോഡിയം വേപ്പർ ലാമ്പ് റിപ്പയർ ചെയ്യുന്നത് അനിവാര്യ ചുമതല എന്ന നിലയിൽ പഞ്ചായത്ത് തീരുമാനിക്കുകയും അംഗീകൃത കരാറുകാരനെക്കൊണ്ട് ക്വട്ടേഷൻ വിളിച്ച് പഞ്ചായത്ത് അംഗീകരിച്ച പ്രകാരം റിപ്പയർ ചെയ്യിക്കുകയും ആയതിന് 1400/- രൂപ ചെലവഴിക്കുകയും ചെയ്ത സെക്രട്ടറിയുടെ നടപടിക്ക് സാധൂകരണം നൽകണമെന്ന 02/05/2012-ലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 55/12 (18)-ാം നമ്പർ തീരുമാനം ജില്ലാതല മോണിറ്ററിംഗ് സമിതിയുടെ അംഗീകാരത്തോടെ പഞ്ചായത്ത് ഡയറക്ടർ പരാമർശം ഒന്ന് പ്രകാരം സർക്കാരിൽ ശുപാർശ ചെയ്തിട്ടുണ്ട്.

ടി വിഷയം സംബന്ധിച്ച് പരാമർശം 2 പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിൽ പഞ്ചായത്തിന്റെ മറുപടി പരിഗണിച്ചും ആഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റിയുടെ ശുപാർശയുടെയുമടിസ്ഥാനത്തിൽ ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുകയ്ക്ക് സാധൂകരണം നൽകാവുന്നതാണെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മയ്യിൽ ഗ്രാമപഞ്ചായത്തിന്റെ 2006-07 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.3-ൽ ആഡിറ്റ് തടസ്സപ്പെടുത്തിയ 1400/- രൂപ (ആയിരത്തി നാനൂറ് രൂപ മാത്രം) ചെലവഴിച്ച ഗ്രാമപഞ്ചായത്തിന്റെ നടപടിയ്ക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,<br>പി. ജയശ്രീ,<br>ഡെപ്യൂട്ടി സെക്രട്ടറി.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം<br>പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം<br>സെക്രട്ടറി, മയ്യിൽ ഗ്രാമപഞ്ചായത്ത്, കണ്ണൂർ<br>പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ<br>ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം<br>സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ